# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:977

05.02.2020-ലെ മറുപടി

### കുപ്പിവെള്ള ഫാക്ടറി കമ്മീഷൻ ചെയ്യുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ സ്ഥാപിച്ച കുപ്പിവെള്ള ഫാക്ടറി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) & (ബി) | കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പ്ലാന്റിന് ബി.ഐ.എസ് -ൽ നിന്ന് അംഗീകാരം കിട്ടുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ അപേക്ഷയെ തുടർന്ന് 2019 മെയ് മാസം ബി.ഐ.എസ് ഉദ്യോഗസ്ഥർ പ്ലാന്റ് സന്ദർശിച്ച് വെള്ളത്തിന്റെയും കുപ്പികളുടെയും സാമ്പിളുകൾ പരിശോധനയ്ക്കായി കൊണ്ടു പോയിരുന്നു. ബി.ഐ.എസ് പരാമർശിച്ച ചില ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉൽപ്പാദനവും വിപണനവും അടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവൃത്തിക്കുന്നതുമായ KIIDC-നെ ഏൽപ്പിക്കുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട് . ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതിയുടെ നിർമ്മാണ-വിതരണ ചുമതല വേറെ ഏതെങ്കിലും ഏജൻസിയ്ക്ക് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിക്കെന്ന് വ്യക്തമാക്കുമോ; | | |
| (സി) | കുപ്പിവെള്ളത്തിന് ആവശ്യമായ ബി.ഐ.എസ്., ഫുഡ് ആന്റ് സേഫ്റ്റി ഓർഗനൈസേഷൻ സർട്ടിഫിക്കറ്റ് | (സി) | നേടിയിട്ടില്ല. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | എന്നിവ ഇതിനകം നേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | | |
| (ഡി) | സ്വകാര്യ കുപ്പിവെള്ള കമ്പനികളെ സഹായിക്കുന്നതിനാണ് പ്രസ്തുത ഫാക്ടറി കമ്മീഷൻ ചെയ്യുവാൻ താമസിക്കുന്നതെന്ന ആക്ഷേപം വസ്തുതാപരമാണോ; | (ഡി) | വസ്തുതാപരമല്ല. |
| (ഇ) | ഫാക്ടറി അടിയന്തരമായി കമ്മീഷൻ ചെയ്ത് കുറഞ്ഞ വിലയിൽ കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) | ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകളിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**